ശ്രീമതി ആർ. ലതാദേവി : സർ, പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിൽ പലതും കൃത്രിമ രേഖകളുണ്ടാക്കി രജിസ്ട്രേഷൻ നടത്തുന്ന അവസ്ഥയുണ്ട്. അതുകൊണ്ടുതന്നെ രജിസ്റ്റർ ചെയ്ത തോട്ടങ്ങളുടെ എണ്ണം രജിസ്റ്റർ ചെയ്യാത്ത തോട്ടങ്ങളുടെ എണ്ണത്തേക്കാൾ വളരെക്കുറവാണ്. ഇക്കാര്യം വിശ്വാസയോഗ്യമായിട്ടുള്ള കേന്ദ്രങ്ങളിൽനിന്നും അറിയുവാൻ സാധിച്ചിട്ടുള്ളതാണ്. ഇതാണ് വസ്തുത എന്നിരിക്കെ ഈ കുറവ് പരിഹരിക്കുന്നതിന് സമയബന്ധിതമായിട്ട് ഇതുവരെ രജിസ്റ്റർ ചെയ്യപ്പെടാത്ത പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരാവുന്ന മുഴുവൻതോട്ടങ്ങളും രജിസ്റ്റർ ചെയ്യിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് എന്തുപദ്ധതിയാണ് നടപ്പാക്കാൻ പോകുന്നതെന്ന് ഒന്ന് വെളിപ്പെടുത്തുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അതിന് ഈ നിയമത്തിനകത്തുള്ള അഞ്ചുഹെക്ടറിന് മുകളിലുള്ള തോട്ടങ്ങളെ മുഴുവൻ പ്ലാന്റേഷൻ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും അതു കാലാകാലങ്ങളിൽ പരിശോധിക്കുന്നതിനും തൊഴിലാളികൾക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ അവർക്ക് കൊടുക്കുന്നുണ്ടോ ഇല്ലയോ എന്നു പരിശോധിക്കാനും ലേബർ ഡിപ്പാർട്ടുമെന്റ് അതിന്റെ ഒരു ഉദ്യോഗസ്ഥനെത്തന്നെ, പ്രത്യേകമായി ഒരുദ്യോഗസ്ഥനല്ല, അതിന് ഒരു പ്രത്യേക വിങ്ങ് തന്നെ നിയമിച്ചിട്ടുണ്ട്. അവർ കാലാകാലങ്ങളിൽ അതിനുവേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. എവിടെയെങ്കിലും തൊഴിലാളികൾക്കു കിട്ടേണ്ട ന്യായമായ ആനുകൂല്യങ്ങൾ കൊടുക്കുന്നില്ലെന്നു തൊഴിലാളികളുടെ യൂണിയനുകളിൽ നിന്നു പരാതി കിട്ടിയാൽ അതിൽ പെട്ടെന്നു തീരുമാനമുണ്ടാക്കുന്നതിനായി അടിയന്തിരമായി കോൺഫറൻസ് കൂടി അക്കാര്യത്തിൽ വേണ്ട പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്.

2 (*92) വെള്ളപ്പൊക്കക്കെടുതികൾ നിയന്ത്രിക്കാൻ നടപടി

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. എ. കണാരൻ :

ശ്രീ. എൻ. ആർ. ബാലൻ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കത്തിന്റെ രൂക്ഷത കുറയ്ക്കുന്നതിനും വെള്ളപ്പൊക്കകെടുതികൾ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് എന്തെങ്കിലും പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) നിലവിലുള്ള തീരദേശ സംരക്ഷണ നിയമത്തിന്റെ പശ്ചാത്തലത്തിൽ കടലാക്രമണ നിരോധന പ്രവർത്തനങ്ങളെ സംബന്ധിച്ച് പുതിയ കാഴ്ചപ്പാട് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് തീരുമാനം എന്തെങ്കിലും എടുത്തിട്ടുണ്ടോ;

(ഇ) ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കടലാക്രമണ നിരോധന പ്രവർത്തനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ,

(എ) ഉണ്ട്.

(ബി) വെള്ളപ്പൊക്കത്തിന്റെ രൂക്ഷത കുറയ്ക്കുവാനും വെള്ളപ്പൊക്ക കെടുതികൾ നിയന്ത്രിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് നദികളിലും തോടുക ളിലും താഴെ പറയുന്ന വെള്ളപ്പൊക്ക നിവാരണപ്രവർത്തനങ്ങളാണ് പ്രധാന മായും ഇറിഗേഷൻ വകുപ്പ് നടപ്പാക്കിവരുന്നത്.

(1) ജലനിർഗ്ഗമനത്തിന് പ്രയാസംനേരിടുന്ന ഭാഗങ്ങളിൽ ജലാശയ ങ്ങളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാ ക്കുക,

(2) നദീമുഖങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണ്ണും നീക്കം ചെയ്ത് നദീമുഖങ്ങളുടെ വ്യാപ്തി വർദ്ധിപ്പിച്ചും കട ലിലേക്കുള്ള നീരൊഴുക്കിനെ സുഗമമാക്കുന്നു,

(3) അമിതമായി കരയിടിച്ചും ഭീഷണിയുള്ള പ്രദേശങ്ങളിൽ കര യുടെ സംരക്ഷണത്തിനായി ജലാശയങ്ങളുടെ പാർശ്വങ്ങളിൽ സംരക്ഷണഭിത്തി കെട്ടിയും ഫ്ളഡ് ബണ്ടുകൾ നിർമ്മിക്കു കയും ചെയ്യുന്നു.

(സി)&(ഡി) നിലവിലുള്ള തീരദേശ സംരക്ഷണ നിയമപ്രകാരം കടൽത്തീരത്ത് 500 മീറ്റർ പരിധിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പാടി ല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും കേരളത്തിന്റെ കടൽത്തീരപ്രദേശം കാർഷികമായും വ്യാവസായികമായും മുന്നോക്കം നിൽക്കുന്നതാകയാൽ ജന സാന്ദ്രത ഏറെ കൂടുതലാണ്. എന്നാൽ കടലാക്രമണനിരോധനപ്രവർത്തന ങ്ങൾ നടത്തുന്നതിന് ഈ നിയമങ്ങൾ തടസ്സമില്ല.

(ഇ) ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കടലാക്രമണനിരോ ധനപ്രവർത്തനങ്ങളേക്കാൾ കൂടുതൽ ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ഭാഗമായി പൂനെയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ, കേരള തീരദേശ സംരക്ഷണ ത്തിനായി ഡിസൈൻ ചെയ്ത് തയ്യാറാക്കി നിർദ്ദേശിച്ച പരിഷ്കൃത ഡിസൈൻ പ്രകാരം കൊല്ലം ജില്ലയിൽ ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീ ക്കൽ ഭാഗത്തും പരവൂർ തെക്കുംഭാഗത്തും പരീക്ഷണാടിസ്ഥാനത്തിൽ കടൽഭിത്തികൾ നിർമ്മിച്ചു വരുന്നു. ഈ കടൽഭിത്തികൾ കൂടുതൽ ഫലപ്രദ മാണെന്ന് കണ്ടാൽ പരിഷ്കൃത ഡിസൈൻപ്രകാരം പുതിയ കടൽഭിത്തികൾ നിർമ്മിക്കുന്നതാണ്.

ശ്രീ. വി.കെ. ചന്ദ്രൻ : കടലാക്രമണം നിയന്ത്രിക്കുന്നതിനായി പദ്ധതി തയ്യാറാക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് നടത്തിയ പഠനത്തിൽ തീരപ്രദേശങ്ങ ളിൽ ചെലവു കുറഞ്ഞ രൂപത്തിൽ കൈതപോലുള്ള ചെടികൾ വച്ചുപിടിപ്പി ക്കാമെന്ന് കണ്ടെത്തിയിരുന്നു. ഇത് ദ്വീപസമൂഹങ്ങളിൽ വളരെ ഫലപ്രദമാ ണെന്നാണ് അറിയുന്നത്. ഇത്തരത്തിലുള്ള ഒരു പദ്ധതി നമ്മുടെ കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടു ത്തുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : നദീതട തീരങ്ങളിൽ ചില പ്രദേശങ്ങ ളിലൊക്കെ ഇപ്പോൾത്തന്നെ കൈതകൾ, ചെറിയമുളകൾ, ഈറകളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

വച്ചുപിടിപ്പിച്ചിട്ടുണ്ട്. പക്ഷെ ഇതൊക്കെ നല്ല വെള്ളപ്പൊക്കം വരുന്ന അവസരത്തിൽ മൂടോടെ അടിച്ചുകൊണ്ടുപോകുന്നതായാണ് കണ്ടിട്ടുള്ളത്. അത് പൂർണ്ണമായും ഫലപ്രദമാണെന്ന് പറയാൻ പറ്റുകയില്ല. വലിയ ഒഴുക്കുള്ളിടത്ത് അത് പറ്റുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് അതിനെ മാത്രം ഡിപ്പെന്റ് ചെയ്യാൻ കഴിയുമെന്ന് ഗവണ്മെന്റിന് തോന്നിയിട്ടില്ല.

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : കടലാക്രമണം നിയന്ത്രിക്കുന്നതിന് പത്താം ധനകാര്യ കമ്മിഷനിൽനിന്നും കേരളത്തിന് അർഹമായ വിഹിതം ലഭിച്ചിട്ടില്ലെന്ന് അറിയാൻ കഴിഞ്ഞു. കടലാക്രമണം നിയന്ത്രിക്കുന്നതിനായി ഇപ്പോൾ കേന്ദ്രഗവണ്മെന്റിൽനിന്ന് കേരളത്തിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന ഫണ്ട് എത്രയാണെന്ന് വെളിപ്പെടുത്തുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : 1992-നുശേഷം കേന്ദ്രത്തിൽനിന്നും ഫണ്ടൊന്നും ലഭിക്കാറില്ല. അതായത് 1992-വരെ കേന്ദ്രത്തിൽനിന്നു കടൽഭിത്തി കെട്ടുന്നതിന് പണം ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ 1993 മുതൽ അതിന് പണം ലഭിക്കുന്നില്ല. അതുകൊണ്ട് ഇപ്പോൾ കേരള ഗവണ്മെന്റ് ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് ആവശ്യമെങ്കിൽ കേന്ദ്രത്തിൽനിന്ന് പണം അലോട്ട് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ 307 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി ഇപ്പോൾ കേന്ദ്രഗവണ്മെന്റിന്റെ, പ്ലാനിംഗ് കമ്മിഷന്റെ, മുമ്പിലുണ്ട്. അതിനെ സംബന്ധിച്ച് ഗൗരവകരമായ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഈ 307 കോടി രൂപയുടെ പ്രോജക്ട് അംഗീകരിക്കുമെന്നാണ് സംസ്ഥാന ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : ധാരാളം നദികൾ കേരളത്തിലുണ്ടെന്നാണ് നമ്മുടെ ധാരണ. 44 നദികളിൽ നദികളുടെ ധർമ്മം നിർവ്വഹിക്കുന്നത് നാലെണ്ണം മാത്രമേയുള്ളൂവെന്നാണ് ഇപ്പോൾ ഒരു പഠനത്തിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ കൈതയുൾപ്പെടെയുള്ള ചെടികൾ വച്ചുപിടിപ്പിച്ചാൽ നല്ല വെള്ളപ്പൊക്കം വരുമ്പോൾ ഒലിച്ചുപോവുകയാണ് ചെയ്യുന്നതെന്ന് പറഞ്ഞു. വെള്ളപ്പൊക്കമുണ്ടാകുന്നതിന്റെ പ്രധാനപ്പെട്ട കാരണം പുഴയുടെ ആഴം മണ്ണിടിഞ്ഞ് ഇപ്പോൾ കുറഞ്ഞുവെന്നുള്ളതാണ്. അപ്പോൾ ആ മണ്ണ് മാറ്റുന്നതിനുള്ള പരിപാടി വ്യാപകമായ രീതിയിലുള്ള ആസൂത്രണത്തിന്റെ ഭാഗമായിട്ടുമാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. മഴ മാറുമ്പോൾ നദികൾ വറ്റിപ്പോവുകയാണ്. അപ്പോൾ വറ്റിപ്പോകുന്ന ഈ നദികളുടെ അവസ്ഥ മാറ്റാനും വെള്ളപ്പൊക്കം വരുമ്പോൾ വളരെ വേഗംതന്നെ പാർശ്വത്തിലേക്ക് ഒഴുകിപ്പോകുന്ന സ്ഥിതി മാറ്റാനും ഉതകുന്ന നിലയിലുള്ള പരിപാടികൾ ഗവണ്മെന്റ് ഗൗരവപൂർവ്വം ആസൂത്രണം ചെയ്യുമോ? അതിന് ഏറ്റവും ആവശ്യമായ നടപടി തടയണ കെട്ടുകയെന്നുള്ളതാണ്. അത് വ്യാപകമാക്കുന്നതിന് സാധിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : 44 നദികളിൽ 4 നദികൾ മാത്രമേ അതിന്റെ ധർമ്മം നിറവേറ്റുന്നുള്ളൂവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നിഷേധിക്കാൻ കഴിയുന്ന ഒരു കാര്യമല്ല. കാരണം നദികളുടെ സംരക്ഷണം വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഈ നദികളുടെ സംരക്ഷണത്തിൽ നമ്മളാരും ശ്രദ്ധിക്കുന്നില്ല. അത് നമ്മുടെ ഭാവിയെ സംബന്ധിച്ചിടത്തോളം വളരെ ദോഷം ചെയ്യുന്നതാണെന്നാണ് ഗവണ്മെന്റ് മനസ്സിലാക്കുന്നത്. അതായത് ജലനിർഗമനത്തിന് പ്രയാസം നേരിടുന്ന ഭാഗങ്ങളിലൊക്കെ ജലാശയങ്ങളുടെ ആഴവും വീതിയും വർദ്ധിപ്പിക്കാനും നീരൊഴുക്ക് സുഗമമാക്കാനുമുള്ള നടപടി കാലാകാലങ്ങളിൽ ചെയ്യേണ്ടതാണ്. അത് ഇതുവരെ ചെയ്തു കാണു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. ഇപ്പോൾ ഗവണ്മെന്റ് അതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിച്ചു വരുന്നുണ്ട്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : അതിർത്തി പ്രദേശങ്ങളിൽപോലും റോഡ് മണ്ണിടിഞ്ഞുപോകുന്നത് തടയുന്നതിന് ഇപ്പോൾ കയറുൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് സാധിക്കുമെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കയറുൽപ്പന്നമായ കയർ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ പുഴയുടെ തീരങ്ങൾ സംരക്ഷിക്കാൻ സാധിക്കും. അതുപോലെതന്നെ ഇപ്പോൾ ചണമുപയോഗിച്ചുള്ള ചാക്കിലാണ് മണൽ നിറച്ച് കടലാക്രമണം തടയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ ചണം കുറച്ച് കഴിയുമ്പോൾ നശിച്ചുപോകും. അതുകൊണ്ട് കയറുൽപ്പന്നമായ ചാക്കുപയോഗപ്പെടുത്തി കടലാക്രമണം തടയാനുള്ള നിലപാട് സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : നദീതീരങ്ങളൊക്കെ സംരക്ഷിക്കുന്നതിന് കയർ, ചണം എന്നിവയുപയോഗിച്ച് വേണമെങ്കിൽ പരീക്ഷിച്ചുനോക്കാവുന്നതാണ്. കടൽത്തീരം സംരക്ഷിക്കുന്നതിന് കേരളാ ഗവണ്മെന്റുതന്നെ കയർവല ഉപയോഗിച്ചും മണൽചാക്കു നിരത്തിയും ചില പരീക്ഷണങ്ങൾ ചില പ്രദേശങ്ങളിൽ നടത്തിയിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ ആലപ്പാട് പ്രദേശത്താണ് ഈ പരീക്ഷണം നടത്തിയതെന്ന് തോന്നുന്നു. പക്ഷേ അത് ഫലപ്രദമായില്ല. അതുകൊണ്ടാണ് ആ വല ഉപയോഗിച്ചുള്ള നടപടിയുമായി ഗവണ്മെന്റ് മുന്നോട്ടുപോകാതിരുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച സ്ഥിതിക്ക് കയർ വലയും മറ്റും ഉപയോഗിച്ച് ഒന്നുകൂടെ ഇത് പരീക്ഷിച്ചുനോക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കണാരൻ : വെള്ളപ്പൊക്കമുണ്ടാകുന്ന നദീതടങ്ങളിൽ താഴ്ന്ന പ്രദേശങ്ങളെ അടിസ്ഥാനമാക്കി വെള്ളപ്പൊക്കമുണ്ടാകുന്നതിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് ശാസ്ത്രീയമായ രീതിയിൽ വെള്ളപ്പൊക്കനിവാരണത്തിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുപകരം ഇപ്പോൾ വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥലങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിലുള്ള നിവാരണ പരിപാടികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അത് മാറ്റി വെള്ളപ്പൊക്ക നിവാരണത്തിന് സ്ഥായിയായ സംവിധാനമേർപ്പെടുത്താൻ ഗവണ്മെന്റ് ശ്രമിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സ്ഥായിയായ സംവിധാനം ഏർപ്പെടുത്താൻ മൂന്നുനാല് നിർദ്ദേശങ്ങളുണ്ട്. ഒന്ന്, ജലനിർഗമനത്തിനു പ്രയാസം നേരിടുന്ന ഭാഗങ്ങളിൽ ജലാശയങ്ങളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കണം. രണ്ട്, നദീമുഖങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണ്ണും നീക്കം ചെയ്തും നദീമുഖങ്ങളുടെ വ്യാപ്തി വർദ്ധിപ്പിച്ചും കടലിലേയ്ക്കുള്ള നീരൊഴുക്ക് സുഗമമാക്കണം. മൂന്ന്, ചുറ്റിവളഞ്ഞൊഴുകുന്ന നദീഭാഗങ്ങളിൽക്കൂടി ജലം കടലിൽ എത്തിച്ചേരാൻ താമസം നേരിടുമ്പോൾ പുതിയ കട്ടുകൾ നിർമ്മിച്ച് നദിയുടെ വളവുകൾ കുറയ്ക്കുന്നതിനുള്ള അതായത്, ഈസി കർവ്സിനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ അമിതമായ കരയിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ കരയുടെ സംരക്ഷണത്തിനായി ജലാശയങ്ങളുടെ പാർശ്വങ്ങളിൽ സംരക്ഷണഭിത്തി കെട്ടുകയും ഫ്ളഡ് ബണ്ഡുകൾ നിർമ്മിക്കുകയും ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കണാരൻ : നമ്മുടെ കടലോര-പുഴയോര പ്രദേശങ്ങളിൽ കടലോര ഭിത്തികളും പുഴയോര ഭിത്തികളും കെട്ടാൻ കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ടിരിക്കുന്നു. കടലിൽ കല്ലിടുക എന്ന പരിപാടിയാണ് ഇപ്പോൾ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നത്. ഗവണ്മെന്റിൽനിന്ന് അതാത്കാലത്ത് അനുവദിക്കുന്ന തുകകൊണ്ട് പല സമ്മർദ്ദത്തിന്റെയും ഫല മായി കടലിൽ കല്ലിടുന്നു. കടലിൽ ആ കല്ലിട്ടത് പിന്നെ എത്രയാണെന്ന് തിട്ട പ്പെടുത്തുന്നില്ല. അതിനെപ്പറ്റി യാതൊരു വിവരവുമില്ലെന്നുള്ള അവസ്ഥയാണ് ഇപ്പോഴുള്ളത്. അതുപോലെതന്നെ പുഴയോരങ്ങൾ പരിശോധിച്ച് ഭിത്തി കെട്ടാത്തതിനാൽ പുഴ ഗതിമാറി ഒഴുകി വീടുകളും ഫലവൃക്ഷങ്ങളും നശിച്ചു പോവുകയാണ്. അത് തടയുന്നതിന് ഒരു സംവിധാനവും ഇപ്പോഴില്ല. ഏതെ ങ്കിലും ആളുകൾ സമ്മർദ്ദം ചെലുത്തുമ്പോൾ ബന്ധപ്പെട്ടവർ ഭിത്തി കെട്ടും. ഇപ്പോൾ പുഴയുടെ ഗതിമാറി വേറെ വഴിക്ക് ഒഴുകി എല്ലാം തകർന്നുകൊണ്ടി രിക്കുന്നു. നീണ്ടു കിടക്കുന്ന കുറ്റ്യാടി പുഴയുടെ ഇരുകരകളിലും നിരവധി കുടുംബങ്ങളുടെ വീടും ഭൂമിയും നഷ്ടപ്പെട്ടു. ബാക്കി നഷ്ടപ്പെടാൻ ഇടയു ണ്ട്. ഇനിയെങ്കിലും അതിനെ സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്തി ആ പുഴയുടെ ഇരഭാഗത്തുമുള്ള ആയിരക്കണക്കിന് കുടുംബങ്ങളെ സഹായി ക്കാനുള്ള സംവിധാനം ഏർപ്പാടുചെയ്യുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ തുപോലെ 93 മുതൽ കടലിൽ കല്ലിടുന്നില്ല. കടൽഭിത്തി കെട്ടുന്നതിനെപ്പറ്റി യാണ് കടലിൽ കല്ലിടുന്നു എന്നുപറയുന്നത്. കടൽഭിത്തി കെട്ടിയിട്ടുള്ള തെല്ലാം പല സ്ഥലത്തും കടലെടുത്തുപോയി. ആലപ്പുഴയിലെ ചെല്ലാനത്തും കൊല്ലം ജില്ലയിലെ ഇരവിപുരത്തും ആലപ്പാട്ടും ഒക്കെ തീരപ്രദേശങ്ങളാകെ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള കടൽഭിത്തികൾ കല്ലിട്ട് ഉറപ്പിച്ചിരിക്കുന്നത് കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്താനുള്ള സൗകര്യ ങ്ങൾപോലും ഇപ്പോഴില്ല. കേന്ദ്ര ഗവണ്മെന്റിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന പണം ഇപ്പോൾ ലഭിക്കാത്തതുകൊണ്ടാണ് 93 മുതൽ മെയിന്റനൻസ് നടപടി കൾ സ്വീകരിക്കാൻ കഴിയാത്തത്. തീരപ്രദേശത്ത് 87 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി കെട്ടേണ്ടതുണ്ട്. അതിനുവേണ്ടി 307 കോടി രൂപ കേന്ദ്രഗവ ണ്മെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ നദികളെല്ലാം ആഴം കുറവുള്ളതായതിനാലാണ് വെള്ളപ്പൊക്കമുണ്ടാകുന്നത് എന്നു പറഞ്ഞു. നദികളിൽ ആഴം കൂടണമെ ങ്കിൽ മണൽ ഊറ്റണം. നദികളിൽ മണലും എക്കലും കൂടുന്നതുകൊണ്ടാണ് വെള്ളപ്പൊക്കമുണ്ടാകുന്നത്. നദികളിൽനിന്നും മണൽവാരാൻ പാടില്ല എന്ന ഹൈക്കോടതി വിധിയുടെ ഫലമായി പല നദികളിൽനിന്നും മണൽ വാരാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ഇതു രണ്ടും കൂടി എങ്ങനെയാണ് പൊരുത്ത പ്പെടുക?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, മണൽവാരൽകൊണ്ട് ചില പ്രദേ ശങ്ങളിൽ നദികളുടെ സൈഡുകളിൽ ദോഷങ്ങളുണ്ടാകും. ശരിയാണ്, പാല ത്തിന്റെ സൈഡുകളിൽ മണൽ ഊറ്റാൻ പാടില്ല എന്ന് പൊതുതീരുമാനം വരുന്നത് ഒരുപാട് ദോഷങ്ങൾ വരുത്തും. നദികളെ സംബന്ധിച്ചു മാത്രമല്ല നമ്മുടെ കൺസ്ട്രക്ഷൻ മേഖലയിലെ വികസന പ്രവർത്തനങ്ങളെ ആകെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഇതു ഗൗരവമായി ആലോചിക്കേണ്ടതാ ണ്. തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടും എന്നുള്ള ഗൗരവമായ പ്രശ്ന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും ഗവണ്മെന്റ് പരിഗണിച്ച് ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ട് ഹൈക്കോടതിയെ ഇതു ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കടലാക്രമണംമൂലം കരയിടിഞ്ഞു പോകുന്നുണ്ട്. ചിറയിൻകീഴ് പഞ്ചായത്തിലെ 10-ാം വാർഡ് മുഴുവനും മുതലക്കുഴിക്ക് അഭിമുഖമായി കിടക്കുന്ന കരഭാഗം കടലാക്രമണത്തിന്റെ ഭാഗമായി തകർന്നുപോകുകയാണ്. അമ്പതോളം തെങ്ങുകൾ പിഴുതു വീണു പോയി. അവിടെയുള്ള വീടുകളും നഷ്ടപ്പെടുന്ന സ്ഥിതിയാണ്. അവിടെ കടലാക്രമണം തടയുന്നതിന് തൽക്കാലം കടൽഭിത്തി കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ നിവേദനം നൽകുകയുണ്ടായി. അങ്ങ് അന്ന് എന്നോടു പറഞ്ഞത് അതിനാവശ്യമായ പണമില്ലെന്നാണ്. അങ്ങനെ വന്നാൽ ഒരു പ്രദേശം തന്നെ കടലെടുത്തുപോകുന്ന സ്ഥിതിയുണ്ട്. അതു സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, ഇതു ബഹുമാനപ്പെട്ട മെമ്പറുടെ പ്രദേശത്തുള്ള പ്രശ്നമാണ്. ഇതുപോലെ എല്ലാ കടൽത്തീരത്തും പ്രശ്നങ്ങളുണ്ട്. അതിക്രമിച്ച് മഴവന്ന സമയത്ത് എല്ലാ സ്ഥലത്തും, കാസർകോടു മുതൽ കന്യാകുമാരിവരെയും ചില പ്രത്യേക പ്രദേശങ്ങളിൽ കൂടുതലായിട്ടും ചില പ്രദേശങ്ങളിൽ ചെറുതായിട്ടും കടലാക്രമണം എന്ന ഭീഷണി നിലനിൽക്കുന്നു. അത് എങ്ങനെ പരിഹരിക്കാമെന്നുള്ളതു സംബന്ധിച്ച് ഗൗരവമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.പി.എ. മജീദ് : സർ, വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുള്ള പല പരിപാടികളും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. ഈ പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള, ഫ്ളഡ് ഡാമേജസിന് ആവശ്യമായിട്ടുള്ള, സംഖ്യ ലഭ്യമായിട്ടുണ്ടോ; കഴിഞ്ഞതവണ ഇതിനുവേണ്ടി വല്ല തുകയും ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഇത്തരം പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി കരുതുന്നുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, കാലാകാലങ്ങളിൽ കലാമിറ്റിക്കു ലഭിക്കുന്ന തുക ചെലവാക്കി ചെറിയ തോതിൽ അത്യാവശ്യം പണികൾ ചെയ്യുന്നുണ്ട്. നേരത്തെ വളരെ കൂടുതൽ ഫണ്ട് കേന്ദ്രത്തിൽനിന്നും തന്നിരുന്നു. ഇപ്പോൾ തരുന്നില്ല. അതു നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. സി.പി. ബാലൻ വൈദ്യർ : വെള്ളപ്പൊക്കം തടയുന്നതുമായി ബന്ധപ്പെട്ട് 1957-ലെ ആദ്യത്തെ ഇ.എം. എസിന്റെ ഗവണ്മെന്റിലെ ജലസേചന വകുപ്പുമന്ത്രിയായിരുന്ന ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ വിശദമായ ഒരു പഠനം നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആ റിപ്പോർട്ട് കൂടി പരിശോധിച്ചു കൊണ്ട് അതിലെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് ഫലപ്രദമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ആ റിപ്പോർട്ട് പരിശോധിക്കാവുന്നതാണ്.

ശ്രീ. ടി.എം. ജേക്കബ് : സർ, നമ്മുടെ സംസ്ഥാനത്തിന്റെ പടിഞ്ഞാറുഭാഗത്തു കടലാക്രമണം തടയുന്നതിന് ഇനിയൊരു പഠനത്തിന്റെ ആവശ്യമില്ല. കാരണം കടൽഭിത്തി നിർമ്മിക്കലാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളതെന്ന് പഠന റിപ്പോർട്ടുകൾ തെളിയിച്ചിട്ടുണ്ട്. കേന്ദ്രഗവണ്മെന്റ് നൽകിക്കൊണ്ടിരുന്ന പണം അവർ നൽകാതിരിക്കുന്ന സാഹചര്യത്തിൽ അതു തുടർന്നു

LIBRARY ARCHIVES Kerala Legislative Assembly

നൽകണമെന്ന ആവശ്യം ഗവണ്മെന്റ് ഉന്നയിച്ചിരുന്നതിന്മേൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ; എന്നത്തേക്ക് തീരുമാനമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏറ്റവും രൂക്ഷമായ കടലാക്രമണമുണ്ടാകുന്ന പ്രദേശങ്ങളിലും കടലാക്രമണം തടയാൻ സംസ്ഥാന ഗവണ്മെന്റ് പ്രത്യേകമായ ഫണ്ട് മാറ്റിവയ്ക്കുന്നുണ്ടോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : സംസ്ഥാന ഗവണ്മെന്റ് പരിമിതമായ ബഡ്ജറ്റ് തുക മാറ്റിവയ്ക്കുന്നുണ്ട്. കേന്ദ്ര ഗവണ്മെന്റിൽനിന്നും കിട്ടിക്കൊണ്ടിരുന്ന തുക കിട്ടുന്നില്ല. സംസ്ഥാന ഗവണ്മെന്റ് 87 കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തിയുടെ നീളം കണക്കിലെടുത്ത് പരിശോധന നടത്തി 307 കോടി രൂപ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്ലാനിംഗ് കമ്മിഷന്റെ ചർച്ചയിലാണ് അത്. രണ്ടു മൂന്നു സംസ്ഥാനങ്ങളിൽനിന്നും പ്രോജക്ട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. കേരളത്തിന്റെ പ്രോജക്ട് റിപ്പോർട്ട് അവർ അംഗീകരിച്ചിട്ടുണ്ട്. അധികം വൈകാതെ ആ പ്രോജക്ട് റിപ്പോർട്ടിനുള്ള അനുമതി കിട്ടുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ജി. സുധാകരൻ</u> : ഈ വർഷം ഏറ്റവും വലിയ കാലവർഷക്കെടുതിയും വെള്ളപ്പൊക്കക്കെടുതിയുമുണ്ടായി. ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ഓണാട്ടുകര, കാർഷിക മേഖലകളിൽ വെള്ളപ്പൊക്കക്കെടുതികൾ തടയാൻ ഗവണ്മെന്റ് എടുത്തിട്ടുള്ള പ്രധാനപ്പെട്ട നടപടികൾ വ്യക്തമാക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : വെള്ളപ്പൊക്കമുണ്ടാകുന്ന അവസരങ്ങളിൽ സാധാരണ ചെയ്യുന്നതുപോലെ വെള്ളപ്പൊക്കക്കെടുതി അനുഭവിക്കേണ്ടിവരുന്ന ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ടതു മാറ്റി പാർപ്പിച്ചു. കൂടുതൽ ജോലി നഷ്ടപ്പെടുന്നവർക്ക് സൗജന്യറേഷൻ നൽകൽ തുടങ്ങിയ നടപടികൾ സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലും സ്വീകരിച്ചിട്ടുണ്ട്. കുട്ടനാട്ടിൽ വെള്ളപ്പൊക്കം രൂക്ഷമായതുകൊണ്ട് ആലപ്പുഴ ജില്ലയിൽ കുറേക്കൂടി ഗൗരവമേറിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : കടലാക്രമണം തടയുന്നതിന് കേന്ദ്ര ഗവണ്മെന്റിന്റെ അനുവാദത്തിനായി പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഉള്ള കടൽഭിത്തി തകർന്നത് മെയിന്റനൻസ് വർക്കുകൾ നടത്തുന്നതിനു മൂന്നു വർഷമായി കരാർ ഉറപ്പിച്ച് ടെൻഡർ ചെയ്തിട്ട് ഒരു പണിയും ഈ ഗവണ്മെന്റിന്റെ കാലത്ത് ആലപ്പുഴയിൽ നടന്നിട്ടില്ല. അങ്ങു തന്നെ ആലപ്പുഴയിൽ വന്ന് പറഞ്ഞു നടപടികൾ പൂർത്തിയാക്കി ഉടൻ വർക്ക് തുടങ്ങുമെന്ന്. ഇതുവരെയായി ഒരു പണിയും നടന്നിട്ടില്ല. ആളുകൾ മുഴുവൻ ഭീഷണിയിലാണ്. മൽസ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ട സ്ഥിതിയിലാണ്. എന്റെ നിയോജകമണ്ഡലത്തിൽ മുനിസിപ്പാലിറ്റിയിൽ മാത്രം അറുപത്തിമൂന്നു കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. മെയിന്റനൻസ് വർക്കിന് സംസ്ഥാന ഗവണ്മെന്റ് നടപടി സ്വീകരിക്കേണ്ടതാണ്. അതിന് എന്തു നടപടി സ്വീകരിച്ചു?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ആലപ്പുഴ ജില്ലയിൽ ഈ അടുത്ത കാലത്തുണ്ടായ മഴയുടെ കെടുതികൾ വലിയ ഗൗരവതരമായ പ്രശ്നമായിരുന്നു. എല്ലാ മെമ്പർമാർക്കും അറിയാം. 93 മുതൽ ചെയ്ത വർക്കുകളുടെ പെൻഡിംഗ് ബിൽസ് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരെക്കൊണ്ട് ഉടൻതന്നെ പണികൾ ചെയ്യിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഡോ: കെ.സി. ജോസഫ് : കുട്ടനാട് പ്രദേശം നാലു നദികളുടെ ഡെൽറ്റാ പ്രദേശമാണ്. നാലു നദികളിൽ മൂന്നു നദികളിലേയും വെള്ളം വീയപുരം പ്രദേശത്ത് എത്തിച്ചേർന്ന് അവിടെനിന്നും തോട്ടപ്പള്ളി സ്പിൽവേ വഴി ഒഴുകിപ്പോകണം . എന്നാൽ തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ കേടു വന്നപ്പോൾ മണൽച്ചാക്കുകൾ അടുക്കി സ്പിൽവേ തടഞ്ഞതുകൊണ്ട് അതിന്റെ ലീഡിംഗ് ചാനലിന്റെ ആഴം കുറഞ്ഞതുകൊണ്ട് ഇപ്പോൾ വെള്ളം പൂർണ്ണമായും തണ്ണീർമുക്കത്തുകൂടി പോകേണ്ടിവരുന്നതുകോണ്ട് വെള്ളം ഒഴിഞ്ഞു പോകുന്നതിന് ബുദ്ധിമുട്ട് വരുന്നുണ്ട്. ഈ സാഹചര്യത്തിൽ തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ റിപ്പയർ ചെയ്യുന്നതിനും ലീഡിംഗ് ചാനൽ ഡ്രെഡ്ജ് ചെയ്ത് അപ്പർ കുട്ടനാട്ടിലെ വെള്ളം തോട്ടപ്പള്ളി സ്പിൽവേയിൽ കൂടി ഒഴുകി സമുദ്രത്തിലേക്ക് പോകുന്നതിനുവേണ്ടിയുള്ള പ്രത്യേക നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അത് പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പൊഴി മുറിക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ട്. ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻമാർ സ്ഥലത്തുപോയി അതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ് : നദികളുടെ തീരം സംരക്ഷിക്കുന്നതിനുവേണ്ടി സംരക്ഷണ ഭിത്തികൾ കെട്ടുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ അച്ചൻകോവിലാറ് കടന്നു പോകുന്ന പ്രദേശങ്ങളുടെ രണ്ട് കരകളും ഇടിഞ്ഞു തകർന്ന് ഏക്കർ കണക്കിന് സ്ഥലം ആളുകൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അവിടെ സംരക്ഷണ ഭിത്തി കെട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഉദ്യോഗസ്ഥൻമാരോടു പറയുമ്പോൾ ഗവൺമെന്റിൽനിന്നും ഇപ്പോൾ കെട്ടണ്ടെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നാണ് അവരിൽനിന്ന് കിട്ടിയിട്ടുള്ള മറുപടി. അതുകൊണ്ട് അങ്ങ് പ്രഖ്യാപിക്കുന്ന പരിപാടികൾ ഉദ്യോഗസ്ഥൻമാർക്കുകൂടി നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഞാൻ അങ്ങനെ പ്രത്യേക പരിപാടികളൊന്നും പ്രഖ്യാപിച്ചിട്ടില്ല. ഇപ്പോൾ നദികൾ സംരക്ഷിക്കുന്നതു സംബന്ധിച്ച്, അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുസംബന്ധിച്ച് പ്രശ്നങ്ങളുണ്ട്. ഇപ്പോൾ 44 നദികളിലും പ്രശ്നങ്ങളുണ്ട്. കേരളത്തിലെ ജലസാക്ഷരത ഒരുപ്രശ്നമായി തീർന്നിട്ടുണ്ട്. അടിയന്തിരമായി അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിന്റെ പരിമിതി മനസ്സിലാക്കിക്കൊണ്ട് ഗവൺമെന്റ് ഇപ്പോൾ ഒരു നടപടി സ്വീകരിക്കാൻ ആലോചിക്കുന്നു. അതിന് ഇവിടുത്തെ എഞ്ചിനീയർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. 44 നദികളിലും അതാത് പ്രദേശത്ത് നദികളിൽ ഏങ്ങനെ സംരക്ഷണമേർപ്പെടുത്തണം, അതായത് തടയണ കെട്ടുന്നതു സംബന്ധിച്ച് നദികളുടെ തീരങ്ങൾ കെട്ടി ബലപ്പെടുത്തുന്നത് സംബന്ധിച്ചൊക്കെ നടപടി സ്വീകരിക്കാൻ ..... 44 നദികൾക്കുംവേണ്ടി ഒരു പ്രോജക്ടുണ്ടാക്കാനും ആ പ്രോജക്ടിന് ഏതെങ്കിലും ഫണ്ടിംഗ് ഏജൻസിയെ സമീപിച്ച് അതിനുള്ള നടപടി സ്വീകരിക്കാനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കാൻ പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. അനിരുദ്ധൻ : എന്റെ നിയോജകമണ്ഡലത്തിലെ അതിപ്രധാനമായ ഒരു നദിയാണ് ഇത്തിക്കര. ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാവുന്നതാണ്.ഇത്തിക്കര ആറ്റിൽനിന്നും മണലൂറ്റുന്നതു നിമിത്തവും ആറ്റിന്റെ കര

LIBRARY ARCHIVES Kerala Legislative Assembly

യിൽ നിന്ന് ചെളിയെടുക്കുന്നതു നിമിത്തവും ആറ് വെള്ളപ്പൊക്കക്കാലത്ത് ഗതിമാറി ഒഴുകാനിടയാകുന്നു. ഈ വെള്ളപ്പൊക്കക്കാലത്തും ചില സ്ഥലങ്ങളിൽ ഗതിമാറിയതുകൊണ്ട് അനേകം ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ട സ്ഥിതിയുണ്ടായിട്ടുണ്ട്. വെള്ളപ്പൊക്കംകൊണ്ടുണ്ടാകുന്ന ദുരിതമുണ്ടാകുന്നതിനെ നിയന്ത്രിക്കുന്നതിനുണ്ടേി സംരക്ഷണഭിത്തികൾ കെട്ടുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ചെറിയചെറിയ പ്രദേശത്ത് ഇതൊക്കെ കെട്ടുന്നതിന് ജനകീയാസൂത്രണ പരിപാടിയിൽ കുറെ ഫണ്ടുകൾ കൊടുക്കുന്നുണ്ട്. അതുപയോഗിച്ച് കുറെ സ്ഥലത്ത് അത് ചെയ്യാവുന്നതാണ്. ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് അതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ മണലൂറ്റുന്നതുകൊണ്ടും ചെളികോരുന്നതുകൊണ്ടുമൊക്കെ ഇങ്ങനെ ഗതിമാറിയൊഴുകുന്ന സ്ഥലം നോക്കി അത് വാരാതെ അതിനാവശ്യ നടപടി സ്വീകരിക്കാൻ പഞ്ചായത്തിന് കഴിയുന്നതാണ്. ആ നിലയിലുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. മൊയീൻകുട്ടി : സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള സെന്റർ ഫോർ എർത്ത് സയൻസ് തുടങ്ങിയ സ്ഥാപനങ്ങൾ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, പ്രകൃതിക്ഷോഭം ഇവമൂലമുണ്ടാകുന്ന കെടുതികൾ പ്രതിരോധിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; അത്തരം റിപ്പോർട്ടിൽ ഗവൺമെന്റ് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഉരുൾപൊട്ടലിനെപ്പറ്റിയുള്ള നടപടിയെന്താണെന്ന് എനിക്കറിയില്ല. കടലാക്രമണം തടയുന്നതിനെ സംബന്ധിച്ച് അവർ ചില നടപടികളൊക്കെ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പണി തുടങ്ങിയിട്ടുള്ളത്. എക്സ്പെരിമെന്റലായിട്ട് കടൽഭിത്തി കെട്ടുന്നതിന് തെരഞ്ഞെടുത്ത രണ്ട് സ്ഥലങ്ങളിൽ ഇപ്പോൾ അവരുടെ നിർദ്ദേശമനുസരിച്ച് പരിഷ്കരിച്ച ഡിസൈൻ അനുസരിച്ച്, അതായത് ആലപ്പാട് 18 ലക്ഷം രൂപയുടെയും പറവൂരിൽ 58 ലക്ഷം രൂപയുടെയും പണി നടക്കുന്നു. പറവൂരിൽ പണി തീർത്തിട്ടുണ്ട്. ആലപ്പാടിലെ പണി ഇതുവരെ തുടങ്ങിയിട്ടില്ല.

ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : എന്റെ ചോദ്യത്തിന് മറുപടി തന്ന കൂട്ടത്തിൽ പൂനയിലെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പരിഷ്കരിച്ച ഡിസൈൻ അനുസരിച്ച് ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീക്കലും പറവൂർ തെക്കുംഭാഗം ഭാഗത്തും ചില കടലാക്രമണ നിരോധനത്തിനുള്ള ഏർപ്പാടുകൾ ചെയ്തെന്ന് പറഞ്ഞതു. വർക്ക് എന്നാണ് തുടങ്ങിയത്. എത്ര കിലോമീറ്ററാണ് ഈ തരത്തിലുള്ള പ്രവൃത്തി അറേഞ്ചു ചെയ്തിട്ടുള്ളത്, എന്ന് അത് പൂർത്തീകരിക്കുമെന്ന് പറയുമോ?

ശ്രീ.വി.പി രാമകൃഷ്ണപിള്ള : രണ്ട് പുലിമുട്ടാണ് അവരുടെ പുതിയ പരീക്ഷണത്തിന്റെ ഡിസൈനിൽ പറഞ്ഞിരിക്കുന്നത്. പറവൂരിൽ 58 ലക്ഷം രൂപയുടെ പണി പൂർത്തിയായി. ആലപ്പാട് 18 ലക്ഷം രൂപയുടെ പണിയാണ്. തുടങ്ങിയിട്ടില്ല. വളരെ അടുത്ത് തുടങ്ങുന്നതാണ്.

3 (*93) ഫിഷറീസ് നയം

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു :

LIBRARY ARCHIVES Kerala Legislative Assembly